ആർ ബി ഐ ക്ലീൻ നോട്ട് നയം നടപ്പാക്കുന്നതിന് വേഗതയുള്ളതും വളരെ വേഗത്തിൽ ചീത്തയായ നോട്ടുകളിൽ നിന്ന് നല്ല നോട്ടുകൾ തിരഞ്ഞെടുക്കുന്നതിനുള്ള യന്ത്രം സ്ഥാപിക്കുന്നു.

2002 മെയ് 4

ഈ രാജ്യത്തെ ജനങ്ങൾക്ക് നല്ല നോട്ടുകൾ നല്കുന്നതിനു വേണ്ടി ഭാരതീയ റിസർവ് ബാങ്ക് അതിന്റെ എല്ലാ വിഭവങ്ങളും സാങ്കേതിക വിജ്ഞാനവും വിനിയോഗിക്കുന്നു. ന്യൂഡൽഹിയിൽ റിസർവ് ബാങ്ക് ആഫീസിൽ നോട്ടുകൾ പരിശോധിക്കുകയും തരം തിരിക്കുകയും ചെയ്യുന്ന പദ്ധതി (സി വി പി എസ്) ഉദ്ഘാടനം ചെയ്ത് സംസാരിക്കവേ റിസർവ്വ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ ശ്രീ.പേപ കാമേശ്വരം പറഞ്ഞു. പഞ്ചാബ് നാഷണൽ ബാങ്ക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ എസ് എസ് കോഹ്ലി, ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ ബി വി നരാംഗ്, കറൻസി-നാണ്യ വിഭാഗത്തിലെ ജോയിന്റ് സെക്രട്ടറിയും തിരഞ്ഞെടുത്ത വ്യവസായബാങ്കുകളുടെ പ്രതിനിധിയുമായ ശ്രീ നവീൻ കുമാർ എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തിരുന്നു. വളരെ വേഗത്തിൽ ചീത്തയായയനോട്ടുകളും ഉപയോഗശൂന്യമായവയും (കീറിയതും മറ്റും) തരം തിരിക്കുന്നതിന് സഹായിക്കുന്ന ഈ യന്ത്രം ന്യൂഡൽഹിയിലെ റിസർവ് ബാങ്ക് പരിസരത്താണ് സ്ഥാപിച്ചിട്ടുള്ളത്.

സി വി പി എസ് സമ്പ്രദായത്തിന് മണിക്കൂറിൽ ചീത്തയായ 50000 മുതൽ 60000 വരെ നോട്ടുകൾ തരംതിരിക്കുന്നതിനുള്ള കഴിവുണ്ട്. ഇതിൽ നോട്ടുകളെ കറകളഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഉള്ളതിനാൽ ചീത്തയായതും കീറിയതുമായ നോട്ടുകൾ പെട്ടന്ന് നശിപ്പിക്കാനും വിപണിയിൽ നിന്നും പിൻവലിയ്ക്കാനും സാധിയ്ക്കും. നോട്ട് കത്തിക്കുന്നതുകൊണ്ടുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം ഇതുമൂലം ഒഴിവാകുന്നു. ചീത്തയായ നോട്ടുകളെ തരംതിരിച്ച് ചെറിയ കഷണങ്ങൾ ആയും അതിനെ വീണ്ടും ബ്രിക്കറ്റുകളാക്കിയും മാറ്റുന്നു. ബ്രിക്കറ്റുകളെ ആഫീസുകളിലും വീട്ടിലും ഉപയോഗിക്കാം. അവ തീ കത്തിക്കാനുള്ള ഇന്ധനവ്യവസായത്തിനും ഉപയോഗിക്കുന്നു. 1999 ജനുവരിയിലാണ് റിസർവ് ബാങ്ക് ഗവർണറായ ബിമൽ ജലാൻ ക്ലീൻ നോട്ട് നയം പ്രഖ്യാപിച്ചത്. അത് ത്വരിതപ്പെടുത്തുന്നതിന് ചീത്തയായ നോട്ടുകൾ പിൻവലിക്കുകയും നല്ല നോട്ടുകൾ വേഗത്തിൽ കൈമാറ്റത്തിനെത്തിക്കുകയും വേണം. ആ രണ്ട ലക്ഷ്യങ്ങളുടെ വിജയത്തിനായി റിസർബാങ്ക് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നോട്ടുകൾ മാനേജ് ചെയ്യുന്ന രീതിയിൽ വളരെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നോട്ടുകൾ പരിശോധിക്കുന്നതിനും, തരം തിരിക്കുന്നതിനും, കഴുകി വൃത്തിയാക്കി എടുക്കുവാനും, ചീത്തയും അംഗഭംഗം വന്നതുമായ നോട്ടുകൾ നശിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ആദ്യഘട്ടമെന്ന നിലയ്ക്ക്, റിസർവ് ബാങ്ക് നോട്ടുകൾ പരിശോധിച്ച് തരം തിരിക്കുന്ന (സി വി പി എസ്) 22 യന്ത്രങ്ങൾ നോട്ട് നൽകുന്ന 9 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ബാംഗ്ലൂർ, ബേലാപ്പൂർ, ചണ്ഡിഗർ, ഹൈദ്രാബാദ്, ജയ്പ്പൂർ, കാൺപൂർ, ന്യൂഡൽഹി, പാട്ന എന്നീ സ്ഥലങ്ങളിലെ ഓഫീസുകളിലാണ് യന്ത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. ബാക്കിയുള്ള വിതരണ ഓഫീസുകളിൽ രണ്ടാംഘട്ടമായി സി വി പി എസ് സ്ഥാപിക്കുന്നതാണ്. കൂടുതലായി നോട്ടുകൾ പുറത്തിറക്കുന്നതോട് കൂടി ചീത്തയായനോട്ടുകൾ വിപണിയിൽ നിന്ന് പിൻവലിക്കുന്നതിന് കൂടുതൽ സൗകര്യം ലഭിയ്ക്കുന്നു. റിസർവ് ബാങ്ക് നോട്ട് അച്ചടിക്കുന്നതിനുള്ള രണ്ട് പ്രസ്സുകൾകൂടി സ്ഥാപിച്ചതോടെ ആവശ്യാനുസരണം നോട്ട് വിതരണം ചെയ്യാനുള്ള ശേഷി വർദ്ധിച്ചിട്ടുണ്ട്.

ക്ലീൻ നോട്ട് പദ്ധതിയുടെ നടത്തിപ്പിനായി റിസർവ് ബാങ്ക് പൊതുതാല്പര്യപ്രകാരം ധാരാളം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. നോട്ടുകൾ രണ്ടടുക്കായി പിൻ ചെയ്യുന്ന സമ്പ്രദായം പാടില്ലെന്ന് ബാങ്കുകളെ വിലക്കിയിട്ടുണ്ട്. ചീത്ത നോട്ടുകൾ പിൻചെയ്യാതെ റിസർവ് ബാങ്കിൽ കൊടുക്കുക. പിൻ ചെയ്യുന്നതിനു പകരം ബാൻഡ് ഇടുന്നത് പ്രോത്സാഹിപ്പിയ്ക്കുന്നു. വ്യാപാരസ്ഥലങ്ങളിൽ നിന്ന് ചീത്തയായ നോട്ടുകൾ ശേഖരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതുപോലെ സഞ്ചരിക്കുന്ന വാഹനങ്ങളിൽ നാണയങ്ങൾ പട്ടണപ്രദേശത്തിന്റെ വിവിധഭാഗങ്ങളിൽ വിതരണം ചെയ്യാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ചീത്തനോട്ടുകളുടെ പ്രചരണത്തെക്കുറിച്ചുള്ള ജനങ്ങളുടെ പരാതികൾ ഒരു പരിധിവരെ കുറയ്ക്കുന്നതിനും പുതിയ നോട്ടുകൾ ലഭ്യത വലിയതോതിൽ വർദ്ധിക്കുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്.

പത്രക്കുറിപ്പ് നമ്പർ
2001-2002-1220

അൽപ്പനാ കില്ലാവാല
പൊതുകാര്യദർശി